# കേരള സർക്കാർ

## സംഗ്രഹം

വനിത ശിശു വികസന വകുപ്പ്- കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള അതിഥി തൊഴിലാളികളുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ക്രഷിന്റെ തുടർപ്രവർത്തന ചെലവുകൾക്ക് 2024-25 വർഷം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)254/2024/WCDD** **Dated,19/07/2024**

എ.എസ് നമ്പർ : AS/WCD/24/35890 കാലാവധി : 31/03/2025

പരാമർശം:-1. വനിത ശിശു വികസന ഡയറക്ടറുടെ 09.04.2024 ലെ ഡിഡബ്ല്യുസിഡി/1950/2024- ഡബ്ല്യുഇസി7 നമ്പർ കത്ത്.

2. 26.06.2024 ലെ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം .

## ഉത്തരവ്

കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള അതിഥി തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ക്രഷിന്റെ തുടർ പ്രവർത്തന ചെലവുകൾക്ക് 2024-25 വർഷം ആകെ ആവശ്യമായ 8,72,500/ - രൂപ (എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2235 - 02 - 102 – 11 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന പരാമർശം(1) പ്രകാരമുള്ള വനിത ശിശു വികസന ഡയറക്ടറുടെ പ്രൊപ്പോസൽ , പരാമർശം(2) ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും , ഇനം 20 ആയി അംഗീകരിക്കുകയും ചെയ്തു.

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ജീവനക്കാരുടെ ഹോണറേറിയം | 3,60,000 |

AS/WCD/24/35890

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 2 | കുട്ടികളുടെ ഭക്ഷണം | 1,87,500 |
| 3 | വാഹനം | 3,00,000 |
| 4 | മറ്റു ചെലവുകള് | 25,000 |
| ആകെ (എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ) | | **8,72,500** |

2. മേൽ സാഹചര്യത്തിൽ കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള അതിഥി തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ക്രഷിന്റെ തുടർ പ്രവർത്തന ചെലവുകൾക്ക് 2024-25 വർഷം ആകെ ആവശ്യമായ 8,72,500/ - രൂപ (എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2235 - 02 - 102 – 11 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/24/35890

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
സന്തോഷ് കുമാർ റ്റി കെ
അഡീഷണൽ സെക്രട്ടറി
Women and Child Development

To
1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം
3. ധനകാര്യ വകുപ്പ്
4. വനിത ശിശു വികസന (എ) വകുപ്പ്
5. വെബ് & ന്യൂ മീഡിയ
6. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K